25-03-2023

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–25/03/2023.

1. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 25 മെട്രിക് ടൺ വരെ ഉള്ളി സംഭരിച്ച് വയ്ക്കുന്നതിനുള്ള 'ഒണിയൻ സ്റ്റോറേജ് സ്ട്രക്ചർ' നിർമ്മിക്കുന്നതിന് യൂണിറ്റൊന്നിന് ചെലവിന്റെ 50% പരമാവധി 87500/- രൂപ ധനസഹായം നൽകുന്നു. കർഷകർ, കൂട്ടായ്മകൾ, സംരംഭകർ, കച്ചവടക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള, യൂണിവേഴ്സിറ്റി പി.ഒ., പാളയം, തിരുവനന്തപുരം, എന്ന മേൽവിലാസത്തിലോ, **0471 2330857, 9188954089** എന്ന ഫോൺ നമ്പരിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

2. കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ ഗ്രാമശ്രീ ഹോർട്ടി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു. പച്ചക്കറികൾക്കും പഴവർഗ്ഗങ്ങൾക്കും പുറമെ മറ്റു പൊതു മേഖല സ്ഥാപനങ്ങൾ/ കുടുംബശ്രീ/ഫാർമേഴ്സ്/ ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി/കൃഷി കൂട്ടങ്ങൾ സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ ഉൽപ്പന്നങ്ങളും ഹോർട്ടി സ്റ്റോറിൽ ലഭ്യമാക്കുന്നതാണ്. സ്റ്റോറുകൾക്ക് കുറഞ്ഞത് 100 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ഉണ്ടായിരിക്കണം. സെക്യൂരിറ്റി ഡെപ്പോസിറ്റായി 25,000/ - രൂപ അടയ്ക്കേണ്ടതാണ്. ഹോർട്ടികോർപ്പ് നിർദ്ദേശിക്കുന്ന മാതൃകയിൽ സ്റ്റോറുകൾ ക്രമീകരിക്കേ ണ്ടതുമാണ്. താൽപര്യമുള്ള സംരംഭകർ 0471 2359651, 9447625776 എന്നീ ഫോൺ നമ്പറുകളിലോ, മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്, ഉദയഗിരി, പൂജപ്പുര പി.ഒ., തിരുവനന്തപുരം - 695012. എന്ന വിലാസത്തിലോ ബന്ധപ്പെടുക.

3. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന/ മൃഗഡോക്ടറുടെ സേവനം കർഷകരുടെ വാതിൽപ്പടിയിൽ എന്ന പദ്ധതിയുടെ ഭാഗമായുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റിൽ ഓരോ വാഹനത്തിലും ഒരു വെറ്ററിനറി സർജൻ, ഒരു പാരാവെറ്റ്, ഒരു ഡ്രൈവർ കം അറ്റന്റർ എന്നിവർ ഉണ്ടാകും. സർജറി ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ ഉൾപ്പെടെ വാഹനത്തിൽ ലഭ്യമാണ്. ഇപ്പോൾ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് സൗകര്യം ലഭ്യമാണ്. ഇത് സംസ്ഥാനത്ത് 129

ബ്ലോക്കുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുമെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി അറിയിച്ചു. ഈ സേവനം ലഭിക്കുന്നതിന് **1962** എന്ന ഹെൽപ്പ് ലൈൻ നമ്പറുള്ള കേന്ദ്രീകൃത കോൾ സെന്റർ നമ്പരിൽ കർഷകർ വിളിക്കേണ്ടതാണ്. കന്നുകാലി, ആട് എന്നിവയ്ക്ക് 450 രൂപയും അരുമ മൃഗങ്ങൾക്ക് 950 രൂപയും കൃത്രിമ ബീജദാനത്തിന് 50 രൂപയുമാണ് നിരക്ക്. ഇത് ഓൺലൈനായി അടയ്ക്കാവുന്നതാണ്.

4. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കരാർ ഫാമുകൾ വളർത്തിയെടുത്ത 40 മുതൽ 45 ദിവസം വരെ പ്രായമുള്ള, ശരാശരി 2.0 കിലോയ്ക്ക് മുകളിൽ തൂക്കമുള്ളതുമായ ഇറച്ചിക്കോഴികൾ വിൽപ്പനയ്ക്കായി തയ്യാറായിട്ടുണ്ട്. താൽപ്പര്യമുള്ളവർ 0471-2478585, 2468585, 9495000922 എന്നീ നമ്പരുകളിൽ ബന്ധപ്പെട്ടോ, kepcopoultry@gmail.com. എന്ന ഇ-മെയിൽ വിലാസത്തിലോ എടുക്കാൻ കഴിയുന്ന നിരക്ക് അറിയിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ടി.സി. 30/697, പേട്ട, തിരുവനന്തപുരം 695024

5. റബ്ബർകർഷകർക്കായി ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രവും ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരളയും ചേർന്ന് തയ്യാറാക്കിയ മൊബൈൽ ആപ്പ് 'കോമ്പ്രഹെൻസീവ് റബ്ബർ ഇൻഫർമേഷൻ സിസ്റ്റം പ്ലാറ്റ്ഫോം' (ക്രിസ്പ്- CRISP) കോട്ടയത്ത് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ നടന്ന ചടങ്ങിൽ വെച്ച് ഗുജറാത്തിലെ നവസാരി അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ഡോ. ഇസഡ്.പി. പട്ടേൽ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ അധ്യക്ഷത വഹിച്ച റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ ഗവേഷണകേന്ദ്രത്തിന്റെ ഇ-ലൈബ്രറിയുടെ ഉദ്ഘാടനവും നിർവഹിച്ചു. റബ്ബറിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കൽ, കൃഷിച്ചെലവ് കുറയ്ക്കൽ, മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തൽ തുടങ്ങിയവ സംബന്ധിച്ചുള്ള റബ്ബർഗവേഷണകേന്ദ്രത്തിന്റെ ശുപാർശകൾ പരമ്പരാഗതരീതിയിലുള്ള വിജ്ഞാനവ്യാപനമാർഗ്ഗങ്ങളിലൂടെയാണ് സാധാരണമായി കർഷകരിലേക്ക് എത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരം ശുപാർശകളിൽ പലതും പ്രാദേശിക പ്രാധാന്യമുള്ളതും ജിയൊ ഇൻഫർമേഷൻ സിസ്റ്റവുമായി ബന്ധപ്പെടുത്തി കർഷകരിലേക്ക് നേരിട്ട് എത്തിക്കാൻ കഴിയുന്നതുമാണ്. വിവരസാങ്കേതികവിദ്യകൾ ഇപ്പോൾ സർവസാധാരണമായിരിക്കുന്ന സാഹചര്യത്തിൽ റബ്ബർബോർഡ് തുടങ്ങിയിട്ടുള്ള മൊബൈൽ ആപ്പ് (ക്രിസ്പ്) ഉപയോഗിച്ച് ഇന്ത്യയിൽ എവിടെയുമുള്ള കർഷകർക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

റബ്ബർകൃഷിയുമായി ബന്ധപ്പെട്ട ശുപാർശകൾ അറിയാനും രോഗപ്രതിരോധമടക്കമുള്ള വിഷയങ്ങൾക്ക് ഓൺലൈനായി പരിഹാരം നേടാനും കഴിയും.

**കാർഷിക വാർത്തകൾ**

ജല ദൗർലഭ്യമുള്ള വയലുകളിൽ 4 ദിവസത്തിലോരിക്കൽ നന്നായി നനക്കണം. കർഷകർ കുലവാട്ടം, തവിട്ടു പുള്ളി രോഗം, ഇലപ്പേൻ, തണ്ടുതുരപ്പൻ മുതലായവക്കെതിരെ ജാഗ്രത പാലിക്കേണ്ടതാണ്. കുലവാട്ടം (ബ്ലാസ്റ്റ്) രോഗം സാധാരണയായി കണ്ടുവരാറുള്ള സ്ഥലങ്ങളിൽ നൈട്രജൻ വളങ്ങളുടെ അമിത ഉപയോഗം കുറക്കുക. കുലവാട്ടം, പോളരോഗം മുതലായ രോഗങ്ങളെ പ്രതിരോധിക്കുവാൻ ഹെക്ടറിന് 2.5 കിലോഗ്രാം സ്യീഡോമോണാസ് 50 കിലോഗ്രാം ചാണകപ്പോടിയുമായി കലർത്തി വയലിൽ വിതറാവുന്നതാണ്. പാടത്ത് 20 കിലോഗ്രാം ചാണകത്തിൽ മണ്ണിൽ 1 കിലോഗ്രാം സ്വീഡോമോണാസ് എന്ന തോതിൽ കലർത്തി മണ്ണിൽ ചേർത്ത് കൊടുക്കുന്നത് രോഗങ്ങൾ വരാതിരിക്കാൻ സഹായകമാകും. ഗുണനിലവാരമുള്ള സ്യൂഡോമോണാസ് അമ്പലവയൽ വിജ്ഞാന കേന്ദ്രത്തിൽ ലഭ്യമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം